സ്കൂൾ തലത്തിലേയ്ക്കും കുടുംബശ്രീ യൂണിറ്റുകളിലേക്കും മദ്യവിരുദ്ധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, എക്സൈസ് വകുപ്പുമന്ത്രി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ബി) വ്യാജമദ്യവുമായി ബന്ധപ്പെട്ട എല്ലാ കുറ്റകൃത്യങ്ങളും അബ്കാരി നിയമ ലംഘനങ്ങളും തടയുന്നതിനായി എല്ലാ റേഞ്ചുകളിലും രഹസ്യ വിവരങ്ങൾ ശേഖരിച്ചു വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്ന് അനധികൃതമായി സ്പിരിറ്റ്, മദ്യം ഇവ കടത്തിക്കൊണ്ടുവരുന്നത് തടയുവാൻ ചെക്കുപോസ്റ്റുകളിൽ കർശനമായ എക്സൈസ് പരിശോധന നടത്തിവരുന്നു. പരീക്ഷണാർത്ഥം പരിശീലനം ലഭിച്ച നായകളുടെ സേവനം പാലക്കാട് ജില്ലയിലെ ചെക്കുപോസ്റ്റുകളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

വ്യാജമദ്യം വിൽക്കുന്നതിൽ ഒന്നിലധികം തവണ കേസ് എടുത്തിട്ടുള്ള പ്രതികൾക്ക് എതിരെ സി. ആർ. പി. സി. 107, 108, 110 അനുസരിച്ചുള്ള കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാ കുറ്റമായി പ്രഖ്യാപിക്കുകയും കുറ്റം തെളിഞ്ഞുകഴിഞ്ഞാൽ ഒരു ലക്ഷം രൂപ പിഴയും പത്തു വർഷം വരെ തടവുമായി ശിക്ഷ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്കന്റ്സ് മദ്യങ്ങളുടെ വിൽപ്പന തടയുന്നതിനായി മദ്യക്കുപ്പികളിൽ ഹോളോഗ്രാം സ്റ്റിക്കർ പതിച്ച് ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

(സി) അബ്കാരി ആക്ട് 15 ഇ പ്രകാരം 18 വയസ്സിനുള്ളിൽ മദ്യം ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്. അബ്കാരി ആക്ട് വകുപ്പ് 15ബി അനുസരിച്ച് 18 വയസ്സിന് താഴെയുള്ളവർക്ക് ലൈസൻസിയോ ടിയാന്റെ തൊഴിലാളിയോ മദ്യം വിൽക്കുന്നത് നിയമംമൂലം തടഞ്ഞിട്ടുണ്ട്. മേൽ വ്യവസ്ഥ അബ്കാരി ചട്ടപ്രകാരം നിലവിലുള്ള എല്ലാ ലൈസൻസിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

ട്രഷറി നിക്ഷേപങ്ങൾക്കുള്ള പലിശ

17 [*307] ശ്രീ. ബിനോയ് വിശ്വം:
" പി. എസ്. സുപാൽ:
" എൻ. രാജൻ:
" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി നിക്ഷേപങ്ങൾക്കുള്ള പലിശ വീണ്ടും കുറയ്ക്കണമെന്നുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റവും ഒടുവിലായി ട്രഷറി നിക്ഷേപങ്ങൾക്കുള്ള പലിശ കുറച്ചതെന്നാണ് ;

(സി) ട്രഷറി നിക്ഷേപങ്ങളുടെ പലിശ കുറയുന്നതുമൂലം ട്രഷറി നിക്ഷേപങ്ങളിൽ കുറവ് ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് ട്രഷറി ജീവനക്കാർക്ക് ഇൻസെന്റീവ് നൽകിയിട്ടുണ്ടോ ; ഏതു വർഷം വരെ ഇൻസെന്റീവ് നൽകി; എത്ര തുക കുടിശ്ശിക ഉണ്ട്;

(ഇ) ട്രഷറി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ട്രഷറി നിക്ഷേപങ്ങൾക്ക് 18-2-2005-ലെ സ. ഉ. (പി) നമ്പർ 85/05/ധന പ്രകാരം 1-4-2005 മുതൽ പലിശ നിരക്ക് കുറച്ചിട്ടുണ്ട്. അതിനുശേഷം മറ്റു നിർദ്ദേശങ്ങളൊന്നും തന്നെ നിലവിലില്ല.

(ബി) 18-2-2005-ലെ സ. ഉ. (പി) നമ്പർ 85/05/ധന പ്രകാരം 1-4-2005 മുതലാണ് ട്രഷറി നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് അവസാനമായി കുറച്ചത്.

(സി) കുറവ് ഉണ്ടായതായി കാണുന്നില്ല.

(ഡി) സ്ഥിരനിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് ട്രഷറി ജീവനക്കാർക്ക് ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2002-03 ധനകാര്യ വർഷത്തിന്റെ ആദ്യ പാദം വരെ ഈ ഇനത്തിൽ 25 കോടി രൂപയോളം കുടിശ്ശികയുണ്ട്.

(ഇ) പുതിയ നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

മയക്കുമരുന്ന് കള്ളക്കടത്ത് നടത്തുന്നതിനെതിരെ നടപടി

18 [*308] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര മയക്കുമരുന്നു റാക്കറ്റിന്റെ നേതൃത്വത്തിൽ ഉത്തരേന്ത്യയിൽ നിന്നും കേരളം വഴി വിദേശരാജ്യങ്ങളിലേക്ക് മയക്കുമരുന്നു കള്ളക്കടത്ത് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly